മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

ജീവനക്കാര്യം: ഭിന്നശേഷിക്കാരായ അസിസ്റ്റന്റുമാർക്ക് പ്രത്യേക ബത്ത (Special Allowance) അനുവദിച്ചു കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഭരണവിഭാഗം എ1 സെക്ഷൻ**

നം.4258/എ1/4/2018/ഭരണവിഭാഗം തീയതി പ്രിയദർശിനി ഹിത്സ്, 28.05.2018

സൂചന : 1. സർക്കാർ ഉത്തരവ് (പി) നം.7/2016/ഫിൻ തീയതി 20.01.2016.
2. സർക്കാർ ഉത്തരവ് (എം.എസ്) നം.282/2017/(60)/ഫിൻ തീയതി 30.05.2017-മേലുള്ള പുറത്തെഴുത്ത് നം. 6475/എ3/2/2017/ഭ.വി. തീയതി 31.10.2017.
3. സർവ്വകലാശാല ഉത്തരവ് നം.1170/എ1/1/2017/ഭരണവിഭാഗം തീയതി 01.03.2017.
4. സർവ്വകലാശാല ഉത്തരവ് നം.7441/എ1/1/2017/ഭരണവിഭാഗം തീയതി 20.12.2017
5. സർവ്വകലാശാല ഉത്തരവ് നം.527/എ1/1/2018/ഭരണവിഭാഗം തീയതി 22.01.2018.
6. സർവ്വകലാശാല ഉത്തരവ് നം.2217/എ1/1/2018/ഭരണവിഭാഗം തീയതി 07.02.2018.
7. ശ്രീമതി. റീന ഇ ഡി, അസിസ്റ്റന്റ്, ശ്രീ. ജോയ് ജോസഫ്, അസിസ്റ്റന്റ്, ശ്രീമതി. സിമി ജോർജ്, അസിസ്റ്റന്റ്, ശ്രീമതി. മേഘ മോഹൻ എന്നിവർ നൽകിയ സമർപ്പണങ്ങൾ.

## ഉത്തരവ്

പത്താം ശമ്പള കമ്മീഷന്റെ ശിപാർശകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി, ഭിന്നശേഷിക്കാരായ ജീവനക്കാർക്ക്, സൂചന (1) പ്രകാരം അനുവദിച്ചിരുന്ന പ്രതിമാസ പ്രത്യേക ബത്ത (Special Allowance) സൂചന (2) ന്റെ അടിസ്ഥാനത്തിൽ 01.06.2017 മുതൽ പ്രതിമാസ നിരക്കായ ₹ 800/- ൽ നിന്നും ₹ 1000/- (രൂപ ആയിരം മാത്രം) ആയി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

സർവ്വകലാശാലയിൽ യഥാക്രമം സൂചന (3), (5), (6) എന്നിവ പ്രകാരം അസിസ്റ്റന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി. മേഘ മോഹൻ, ശ്രീമതി. സിമി ജോർജ്, ശ്രീമതി. റീന ഇ ഡി, ശ്രീ. ജോയ് ജോസഫ് എന്നിവർ, ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് അർഹമായ പ്രത്യേക ബത്ത അനുവദിക്കണമെന്ന് സൂചന (7) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു. ടിയാളുകൾ തങ്ങളുടെ പെർമനെന്റ് ഡിസബിലിറ്റി സർട്ടിഫിക്കറ്റുകളും ഹാജരാക്കിയിട്ടുണ്ട്.

മേൽ പരാമർശിച്ചവ പരിഗണിച്ച്, ടി അസിസ്റ്റന്റുമാർക്ക് താഴെ പറയും വിധം ഭിന്നശേഷിക്കാർക്ക് അർഹമായ പ്രത്യേക ബത്ത (Special Allowance) അനുവദിച്ചുകൊണ്ട് രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന ജോയിന്റ് രജിസ്ട്രാർ I (ഭരണവിഭാഗം) ഉത്തരവായിരിക്കുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

| ക്രമ നം. | പേര്/തസ്തിക/ സെക്ഷൻ | ജോലിയിൽ പ്രവേശിച്ച തീയതി | പ്രത്യേക ബത്ത അനുവദിച്ചിട്ടുള്ളത് | | തുക വകയിരുത്തിയിരിക്കുന്നത് | മറ്റു പരാമർശങ്ങൾ |
|---|---|---|---|---|---|---|
| 1. | ശ്രീമതി. റീന ഇ ഡി, അസിസ്റ്റന്റ്, CBCSS IV സെക്ഷൻ | 06.02.2018 | 06.02.2018 മുതൽ | പ്രതിമാസം ₹ 1,000/- | നടപ്പു സാമ്പത്തിക വർഷത്തിലെ എക്സാമിനേഷൻ നോൺ പ്ലാൻ (എക്സ്പെൻഡിച്ചർ) '22 201 01 Salaries and Allowances' എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും | ശ്രീമതി. റീന ഇ ഡി, ശ്രീ. ജോയ് ജോസഫ് എന്നിവർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന അംഗപരിമിതരുടെ പുനർ നിയമനത്തിനായി സൃഷ്ടിച്ച സൂപ്പർന്യൂമററി തസ്തികകളിൽ, സൂചന (6) പ്രകാരം നിയമിതരായി. |
| 2. | ശ്രീ. ജോയ് ജോസഫ്, അസിസ്റ്റന്റ്, Ad B V സെക്ഷൻ | 07.02.2018 | 07.02.2018 മുതൽ | പ്രതിമാസം ₹ 1,000/- | നടപ്പു സാമ്പത്തിക വർഷത്തിലെ ജനറൽ അഡ്മിനിസ്ട്രേഷൻ നോൺ പ്ലാൻ (എക്സ്പെൻഡിച്ചർ) '22 101 01 Salaries and Allowances' എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും | |
| 3. | ❖ ശ്രീമതി. മേഘ മോഹൻ | 02.02.2017 | 02.02.2017 മുതൽ 31.05.2017 വരെ | പ്രതിമാസം ₹ 800/- | | ❖ പി.എസ്.സി. മുഖേന 'DA – D' വിഭാഗത്തിൽ അസിസ്റ്റന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.മേഘ മോഹൻ, അന്തർ സർവ്വകലാശാല സ്ഥലംമാറ്റ വ്യവസ്ഥയിൽ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി 20.12.2017 ന് സർവ്വകലാശാലയിൽ നിന്നും സൂചന (4) പ്രകാരം വിടുതൽ ചെയ്തു. |
| | | | 01.06.2017 മുതൽ 20.12.2017 വരെ | പ്രതിമാസം ₹ 1,000/- | | |
| 4. | ശ്രീമതി. സിമി ജോർജ്, അസിസ്റ്റന്റ്, EB I സെക്ഷൻ | 21.12.2017 | 21.12.2017 മുതൽ | പ്രതിമാസം ₹ 1,000/- | നടപ്പു സാമ്പത്തിക വർഷത്തിലെ എക്സാമിനേഷൻ നോൺ പ്ലാൻ (എക്സ്പെൻഡിച്ചർ) '22 201 01 Salaries and Allowances' എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും | പി.എസ്.സി. മുഖേന 'DA – D' വിഭാഗത്തിൽ ജോലിയിൽ പ്രവേശിച്ച ടിയാൾ, സൂചന (5) പ്രകാരം, അന്തർ സർവ്വകലാശാല സ്ഥലംമാറ്റ വ്യവസ്ഥയിൽ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിൽ നിന്നും മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 21.12.2017 ന് ജോലിയിൽ പ്രവേശിച്ചു. |

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
മനോജ്കുമാർ കെ എസ്
അസിസ്റ്റന്റ് രജിസ്ട്രാർ I (ഭരണവിഭാഗം)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ് :

1. ബന്ധപ്പെട്ട വ്യക്തികൾ/ സെക്ഷനുകൾ
2. രജിസ്ട്രാർ, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല
3. വൈസ് ചാൻസലർ/ പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എമാർ
5. എ. ആർ./ ഡി. ആർ./ ജെ. ആർ.(ഭരണവിഭാഗം/പരീക്ഷാ വിഭാഗം/ ധനകാര്യം)
6. എഡി. സി. I/II/III/ ആഡിറ്റ് II/III/V/ ഫിനാൻസ് I/II/ ഫിനാൻസ് കമ്പ്യൂട്ടർ സെൽ
7. ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ്, മഹാത്മാഗാന്ധി സർവ്വകലാശാല
8. പി. ആർ. ഒ./ റെക്കോർഡ്സ് സെക്ഷൻ/ കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ. ക്യു. എ. സി.
9. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ.

ഉത്തരവിൻ പ്രകാരം

ഫയൽ നം. എഡി. എ1-4-473/2017

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല